"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 940/2009 നമ്പർ കേസിൽ റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ചിരുന്ന തുക റീഫണ്ട് ചെയ്യുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

| | |
|---|---|
| **സ.ഉ.(സാധാ) നം.2699/2025/LSGD** | **തീയതി, തിരുവനന്തപുരം, 06-11-2025** |

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 05/02/2024-ലെ എ3/2646/2009/ട്രിഡ നമ്പർ കത്ത്.
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 03/06/2025 തീയതിയിലെ DCTVM/975/2024-K9 നമ്പർ കത്ത്.
3. സ.ഉ.(സാധാ) നം. 1598/2025/ത.സ്വ.ഭ.വ, തീയതി 26/06/2025.
4. സ.ഉ.(സാധാ) നം. 2142/2025/തസ്വഭവ തീയതി 29/08/2025.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ-ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 940/2009 നമ്പർ കേസിൽ റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ചിരുന്ന 59,40,566/- രൂപ റീഫണ്ട് ചെയ്യുന്നതിനും ടി എൽ.എ.ആർ. കേസിലെ ബാലൻസ് വിധിക്കടത്തുകയായ 3,21,184/- രൂപ അനുവദിക്കുന്നതിനുമായി ആകെ 62,61,750/- രൂപ (അറുപത്തിരണ്ട് ലക്ഷത്തി അറുപത്തിയൊന്നായിരിത്തി എഴുനൂറ്റി അമ്പത് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (1), (2) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 940/2009 നമ്പർ കേസിൽ റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ച 59,40,566/- രൂപ റീഫണ്ട് ചെയ്യുന്നതിനും ടി കേസിലെ ബാലൻസ് തുകയായ 3,21,184/- രൂപ അനുവദിക്കുന്നതിനുമായി ആകെ 62,61,750/- രൂപ അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (4) പ്രകാരം ടി കേസിലെ ബാലൻസ് വിധിക്കടത്തുകയായ 3,21,184/- രൂപ (മൂന്ന് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി ഒരുനൂറ്റി എൺപത്തിനാല് രൂപ മാത്രം) '4217-60-800-93-Payment of Compensation in LAR Cases (Plan Charged)' എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷികൾക്ക് അനുവദിക്കുകയും

ചെയ്യുകയുണ്ടായി.

3) പരാമർശം (3) ഭരണാനുമതി ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിന്റെ '2075-00-800-05' എന്ന ശീർഷകത്തിലേയ്ക്ക് റിക്കപ്പ് ചെയ്യുന്നതിന് അനുമതി നൽകിയിരുന്ന എൽ.എ.ആർ. 940/2009 നമ്പർ കേസിലെയും അപ്രകാരം ഭരണാനുമതി നൽകിയിരുന്ന മറ്റ് സമാന എൽ.എ.ആർ. കേസുകളിലെയും തുകകൾ റിക്കപ്പ് ചെയ്യുന്നതിനായി 2025-2026 വർഷത്തേയ്ക്കുള്ള ആദ്യ ഉപധനാഭ്യർത്ഥന പ്രകാരം 2,53,00,000/- (രണ്ട് കോടി അമ്പത്തിമൂന്ന് ലക്ഷം രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്.

4) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാഭ്യർത്ഥനയുടെയും അടിസ്ഥാനത്തിൽ തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടുപാളം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 940/2009 നമ്പർ കേസിൽ റവന്യൂ വകുപ്പിൽ നിന്നും, അനുവദിച്ച 59,40,566/- രൂപ (അമ്പത്തിയൊമ്പത് ലക്ഷത്തി നാല്പതിനായിരത്തി അഞ്ഞൂറ്റി അറുപത്തിയാറ് രൂപ മാത്രം) റവന്യൂ വകുപ്പിന്റെ '2075-00-800-05' എന്ന ശീർഷകത്തിലേക്ക് റീക്കപ്പ് ചെയ്യുന്നതിനായി '4217-60-800-93 Payment of Compensation in LAR Cases (Plan-Charged)' എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (No.WCD-3/195/2025-Fin dated 04/10/2025).
റവന്യൂ വകുപ്പ് (No.REV-B3/111/2017/REV)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/153/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 06-11-2025 16:52:00

സെക്ഷൻ ഓഫീസർ